# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.295 07.08.2017 - ൽ മറുപടിക്ക്

## അംഗീകാരം റദ്ദാക്കിയ നേഴ്സിംഗ് കോളേജുകൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. യു. ആർ. പ്രദീപ്** | **ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |

| | | | |
|---|---|---|---|
| എ) | ആരോഗ്യ സർവ്വകലാശാല സംസ്ഥാനത്ത് എത്ര നേഴ്സിംഗ് കോളേജുകളുടെ അംഗീകാരമാണ് റദ്ദാക്കിയിട്ടുള്ളത് എന്ന് അറിയിക്കാമോ; | എ) | 2017-18 അദ്ധ്യയന വർഷത്തേയ്ക്ക് 6 നേഴ്സിംഗ് കോളേജുകളുടെ തുടർ അംഗീകാരത്തിനുള്ള അപേക്ഷ ആരോഗ്യ ശാസ്ത്ര സർവ്വകലാശാല നിരസിച്ചിട്ടുണ്ട്. |
| ബി) | ഏതെല്ലാമാണ് ആ നേഴ്സിംഗ് കോളേജുകൾഎന്ന് വെളിപ്പെടുത്താമോ; | ബി) | 1. രുക്മിണി കോളേജ് ഓഫ് നേഴ്സിംഗ്, തിരുവനന്തപുരം.<br>2. മേഴ്സി കോളേജ് ഓഫ് നേഴ്സിംഗ്, വാളകം, കൊട്ടാരക്കര.<br>3. നൈറ്റിൻഗേൽ കോളേജ് ഓഫ് നേഴ്സിംഗ്, നെടുമങ്ങാട്.<br>4. ഇന്ദിരാഗാന്ധി കോളേജ് ഓഫ് നേഴ്സിംഗ്, കൊച്ചി.<br>5. കോളേജ് ഓഫ് നഴ്സിംഗ്, ഗുരു ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂട്ട്, കോട്ടയം.<br>6. തിയോഫിലസ് കോളേജ് ഓഫ് നേഴ്സിംഗ്, കോട്ടയം. |
| സി) | അംഗീകാരം റദ്ദാക്കാനുള്ള കാരണങ്ങൾ വിശദമാക്കുമോ; | സി) | 2017-18 അദ്ധ്യയന വർഷത്തിൽ തുടർ അംഗീകാരം നൽകുന്നതിന് മുന്നോടിയായി ആരോഗ്യ ശാസ്ത്ര സർവ്വകലാശാല നടത്തിയ പരിശോധനയിൽ, പരിശോധന ദിവസം കിടപ്പുരോഗികളുടെ എണ്ണം 20% ത്തിൽ താഴെയായിരുന്നു. ഇന്ത്യൻ നേഴ്സിംഗ് കൗൺസിൽ, കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല എന്നിവയുടെ മാനദണ്ഡങ്ങൾ പ്രകാരം കിടപ്പു രോഗികളുടെ എണ്ണം 75% മോ അതിൽ കൂടുതലോ വേണം. എന്നാൽ മേൽ പ്രസ്താവിച്ച കോളേജുകളുടെ കിടപ്പു രോഗികളുടെ എണ്ണം 20% ത്തിൽ താഴെയായിരുന്നു. കൂടാതെ ഈ കോളേജുകളിലെ കഴിഞ്ഞ വർഷത്തെ വിജയശതമാനം 50% ത്തെക്കാൾ കുറവാണ്. മേൽ ന്യൂനതകൾ 12.06.2017-ൽ ചേർന്ന ഗവേണിംഗ് കൗൺസിലിന്റെ മുമ്പാകെ സമർപ്പിക്കുകയും അപേക്ഷ നിരസിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. |

| | | | |
|---|---|---|---|
| ഡി) | എത്ര നേഴ്സിംഗ് കോളേജുകളിലാണ് സീറ്റുകൾ കുറച്ചിട്ടുള്ളത്; ഇതിനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ? | ഡി) | 4 നേഴ്സിംഗ് കോളേജുകളിലെ ബി.എസ്.സി നേഴ്സിംഗ് കോഴ്സിന്റെ 10 വീതം സീറ്റുകളാണ് കുറിച്ചിരിക്കുന്നത്. 2017-18 അദ്ധ്യയന വർഷത്തേയ്ക്കുള്ള കോഴ്സുകളുടെ തുടർ അംഗീകാരത്തിനായുള്ള അനുമതി നൽകുന്നതുമായി ബന്ധപ്പെട്ട് കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല നടത്തിയ പരിശോധനയിൽ, പരിശോധന ദിവസം പ്രസ്തുത കോളേജുകളിലെ കിടപ്പ് രോഗികളുടെ എണ്ണം 20% ത്തിനും 30% ത്തിനും ഇടയിലായതിനാലാണ് സീറ്റുകൾ കുറച്ചിട്ടുള്ളത്. |

Milan

സെക്ഷൻ ഓഫീസർ